# കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## തിരുനെല്ലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി . പി4-40/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്, കൽപ്പറ്റ
തീയതി:07/01/2019

ഫോൺ: 04936-203672

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തിരുനെല്ലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുനെല്ലി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - .സംബന്ധിച്ച്

******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2. ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ3-3,3-5 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ് :

1) ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി . പി4-40/2019

തീയതി:07/01/2019

# വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഗ്രാമപഞ്ചായത്ത് 15/07/2017 മുതൽ 30/11/2018തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീമതി വസന്ത .പി.എസ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10/12/2018 മുതൽ 19/12/2018 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കിഷോർ എ.ജി,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അലി അക്ബർ കെ ,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സമീർ .എം<br>സിനീയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ലത.ടി.കെ ഓഡിറ്റർ |
| | ശ്രീമതി.റ്റിജി വർഗ്ഗീസ് ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ.

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മായാദേവി | 01.04.2017മുതൽ<br>31.03.2018 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീപി.വി.ബാലകൃഷണൻ | 01.04.2017മുതൽ<br>31.03.2018 വരെ |
| സ്ഥാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസനകാര്യം) | ശ്രീമതി സാലി വർഗ്ഗീസ് | 01.04.2017മുതൽ<br>31.03.2018 വരെ |
| സ്ഥാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീ.അനന്തൻനമ്പ്യാർ | 01.04.2017മുതൽ<br>31.03.2018 വരെ |
| സ്ഥാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം) | ശ്രീമതി.വിജില പ്രദീപ് | 01.04.2017മുതൽ<br>31.03.2018 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ രാജീവൻ .കെ | 01.04.2017മുതൽ |

| | | |
|---|---|---|
| | | 16.08.2017വരെയും<br>10.11.17 മുതൽ 31.01.2018 വരെയും |
| | ശ്രീ രജ്ജിത്ത് വി.ജി (ഇൻ ചാർജ്ജ്) | 16.08.2017 FNമുതൽ 09.11.2017 വരെ |
| | ശ്രീ ഷാജി കെ (ഇൻചാർജ്ജ്) | 10.11.17 FN വരെ 31.03.2018 |
| അസി.സെക്രട്ടറി | ശ്രീ രജ്ജിത്ത് വി.ജി | 01.02.2018മുതൽ 31.03.2018 വരെ |
| | ശ്രീ ഷാജി കെ | 01.12.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ<br>(പി എച്ച് സി) | ഡോ.ലിസാജ് | 01.04.2017മുതൽ 31.03.2018 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ത്രേസ്യാമ്മ തോമസ് | 01.04.2017മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.സുവനീത് | 01.04.2017മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ ബിനോയ് അഗസ്റ്റ്യൻ | 01.04.2017മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ .വിനോയി | 01.04.2017മുതൽ 31.03.2018 വരെ |
| അസി .എഞ്ചിനീയർ | ശ്രീ .ഷിനോജ് .ടി.വി | 01.04.2017മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.സന്തോഷ് പി.വി | 01.04.2017മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ.ഷിതാ തോമസ് | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ.ബീനാ ജോൺസൺസൻ | 01.04.2017മുതൽ 31.03.2018 വരെ |

ഉള്ളടക്കം



| | | |
|---|---|---|
| 1 | 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | 1-1 | ബജറ്റ് |
| 3 | 1-2 | വാർഷികധനകാര്യപത്രിക |
| 4 | 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 5 | 1-4 | സാമ്പത്തിക വിശകലനം |
| 6 | 1-5 | ഫണ്ട് വിനിയോഗം |
| 7 | 1-6 | പദ്ധതി അവലോകനം |
| 8 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 9 | 1-8 | ക്ഷേമ പദ്ധതികൾ |
| 10 | 1-9 | ക്യാഷ് പരിശോധന |
| 11 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 12 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 13 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| 14 | 2-1 | പഞ്ചായത്ത് കൈപ്പറ്റിയ ചെക്ക് പണമാക്കി മാറ്റിയിട്ടില്ല. |
| 15 | 2-2 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കിട്ടേണ്ടതായ തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കുന്നതിൽ വീഴ്ച |

| | | |
|---|---|---|
| 16 | 2-3 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുന്നു |
| 17 | 2-4 | കെട്ടിട നിർമ്മാണ പെർമ്മിറ്റ് അപാകത – സംബന്ധിച്ച്. |
| 18 | 2-5 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത –സംബന്ധിച്ച്. |
| 19 | 2-6 | വാണിജ്യ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് |
| 20 | 2-7 | റിസോർട്ടിൻെറ പാർക്കിംഗ് സ്ഥലത്ത് അനധികൃത നിർമ്മാണം |
| 20 | 3-1 | ഗുണഭോക്തൃസമിതിക്ക് അർഹമായതിലും അധികം തുക നൽകി. |
| 21 | 3-2 | ആശ്രാമം സ്കൂൾ റോഡ് കൾവർട്ട് പുനർ നിർമ്മാണം- പൂർത്തീകരിച്ചിട്ടില്ല |
| 22 | 3-3 | ഇ ടെണ്ടർ ഫീ - പഞ്ചായത്തിൽ വരവ് വന്നിട്ടില്ല |
| 23 | 3-4 | പച്ചക്കറികൃഷി കുടുംബശ്രീ മുഖേന – വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല |
| 24 | 3-5 | കോളനികളിൽ പൈപ്പ് ലൈൻ നീട്ടൽ - പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല |
| 25 | 3-6 | മുട്ടക്കോഴി വിതരണം - കൈപ്പറ്റ് രേഖ ലഭ്യമാക്കിയിട്ടില്ല. |
| 26 | 3-7 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പദ്ധതി - മെഡിക്കൽ സർട്ടിഫിക്കറ്റ് ഇല്ലാത്ത കുട്ടികൾക്കും ധനസഹായം നൽകി |

| | | |
|---|---|---|
| 27 | 3-8 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കുട,ബാഗ് പദ്ധതി - കുറഞ്ഞ ടെണ്ടർ തുക അംഗീകരിക്കാത്തതിനാൽ നഷ്ടം -15456/-രൂപ |
| 28 | 4-1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 29 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 30 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 31 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 32 | 4-5 | സ്ഥിര നിക്ഷേപം |
| 33 | 4-6 | ഓഡിറ്റ് റിക്കവറി |
| 34 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 35 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 36 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 37 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

10/03/2017തീയതിയിലെ 01/17-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബഡ്ജറ്റ് 07/03/2018 ലെ 01/01-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2018 | 04/05/2018 | ------- | -------- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13/06/18 മുതൽ 14/06/18വരെ | കെ.എസ്.എ ഡബ്ല്യ.വൈ.ഡി. പി4-510/18/19/06/2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34103908/- |
| വരവ് | 145518093/- |
| ആകെ | 179622001/- |
| ചെലവ് | 140202396 |
| നീക്കിയിരിപ്പ് | 39419605/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി (ACR പ്രകാരം) |
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 34759000 | 34759000 | 27215417 | 7543583 |
| വികസനഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1228250 | 1228250 | 118896 | 1109354 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 33511380 | 33511380 | 27160902 | 6350478 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 17062000 | 17062000 | 16905707 | 156293 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5823000 | 5823000 | 5511679 | 311321 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 15249339 | 15249339 | 8941632 | 6307707 |
| കെ.എൽ.എസ്. ജി.ഡി.പി(State) (ACR പ്രകാരം) | 0 | 10166552 | 20783275 | 19414032 | 1369243 |
| Central | | 10616723 | | | |
| ദുരിതാശ്വാസനിധി | 1280 | 10340 | 30620 | 550 | 30070 |
| സാക്ഷരത | 227 | ---- | 227 | --- | 227 |
| ബി.ആർ.ജി.എഫ് | 3101042 | 118268 | 3219310 | --- | 3219310 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | 0 | 1400000 | 1400000 | 1095584 | 304416 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 13171448 | 10016000 | 23187452 | 10429194 | 12758258 |
| തനത് ഫണ്ട് — ബാങ്ക് അക്കൗണ്ട് (കോപ്പറേറ്റീവ് ബാങ്ക്) | 17058437 | 19854169 | 36912606 | 15583176 | 21329430 |
| തനത് ഫണ്ട് — എസ്.ബി,ഐ(നെറ്റ് ബാങ്ക് | 0 | 175136 | 175136 | 1649 | 173487 |
| മറ്റിനം | 326500 | 0 | 326500 | 0 | 326500 |

## **1-6** <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 245 | 186125898 | 157 | 117379498 | --------- | 88 | 64% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 127585 | 1816574 | 1944159 | 1904451 | 39708 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 33023489 | 33023489 | 33023489 | ------- |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9600 | 16 |
| കർഷകതൊഴിലാളി പെൻഷൻ | 3735300 | 315 |
| വിധവാപെൻഷൻ | 21023100 | 1916 |
| വാർദ്ധക്യകാലപെൻഷൻ | 19045700 | 1736 |
| വികലാംഗപെൻഷൻ | 3806100 | 350 |
| വിധവകളുടെ പെൺമക്കൾക്കുള്ള | 150000 | 5 |

| | | |
|---|---|---|
| ധനസഹായം | | |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11/12/2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30594/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ ചേരുന്നില്ല. ചേർന്ന ഓഫീസ് മീറ്റിംഗ് മുനട്സ് പൂർത്തികരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓഫീസ് ഉത്തരവുകൾ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. വി.ഇ.ഒ ടി ആർ 7 എ ക്യാഷ്ബുക്ക് സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിൽ മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തി രജിസറ്റർ കാലികമാക്കിയിട്ടില്ല. അക്വിറ്റൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പുകളിൽ മോണിറ്ററിംഗം, പദ്ധതികൾ സംബന്ധിച്ച കാര്യമായ ഇടപെടലുകൾ നടത്തുന്നില്ല. ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/06/2018മുതൽ 14/06/2018വരെ | 2017-18 | 01/12/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23/06/2014മുതൽ 08/07/2014 വരെ | 2009-10 മുതൽ 2013 14 വരെ | 05/09/2014 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ - അപാകതകൾ

2017-18 സാമ്പത്തിക വർഷ ഓഡിറ്റിന്റെ ഭാഗമായി ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപറയുന്നു.

തൊഴിൽനികുതിയിനത്തിൽ പഞ്ചായത്ത് കൈപ്പറ്റിയ താഴെപറയുന്ന ചെക്ക് പണമായി മാറിയിട്ടില്ല.

| രസീത് നമ്പർ/തീയതി | ചെക്ക്നമ്പർ/തീയതി | ഇനം | തുക | റിമാർക്സ് |
|---|---|---|---|---|
| 1171010500012/ 3/10/17 | 876521/3/10/17 | തൊഴിൽ നികുതി | 1275/- | തുക പണമായി മാറിയ വിവരം ലഭ്യമല്ല |

സാമൂഹ്യസുരക്ഷ പെൻഷൻ ഇനത്തിൽ തിരികെ ഈടാക്കിയ തുക തനത്ഫണ്ടിൽ സൂക്ഷിക്കുന്നു. സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല.

| ക്രമ നം | രസീത് നമ്പർ/തീയതി | ഇനം | തുക |
|---|---|---|---|
| 1 | 117010400010/27/09/17 | സാമൂഹ്യ സുരക്ഷ പെൻഷൻ | 3000/- |

മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.14,തീയ്യതി 19/12/2018 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-2 തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കിട്ടേണ്ടതായ തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കുന്നതിൽ വീഴ്ച

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204 പ്രകാരം ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധവർഷവും മൊത്തം അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടേയും, തൊഴിലിലോ, ബിസിനസ്സിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ നിർണ്ണയിക്കപ്പെട്ട പരമാവധി നിരക്കുകളിൽ കവിയാതെ തൊഴിൽനികുതി ചുമത്തേണ്ടതാകുന്നു. പഞ്ചായത്തിന്റെ 2017-18 വർഷങ്ങളിലെ തൊഴിൽനികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ കൊടുക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1 )സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ താഴെ കൊടുക്കുന്ന സ്ഥാപങ്ങളിൽ നിന്നും സ്ഥാപനത്തിന്റെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം/ അസസ്സ്മെന്റ് നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽനികുതി അടയ്ക്കാനുള്ള അർദ്ധവർഷം |
|---|---|---|
| 1/25 | മാനേജർ, മാവേലി സ്റ്റോർ കാട്ടിക്കുളം | 1- )ം അർദ്ധവർഷം |
| 2/ | ഗ്രാമീൺ ബാങ്ക് തിരുനെല്ലി | 2 അർദ്ധവർഷങ്ങളിലും |
| 3/33 | കെ പി ഹമീദ്-പലചരക്ക് | “ |
| 4/45 | പി ജെ മാത്യൂ-ഇൻഡസ്ട്രിയൽ | “ |
| 5/47 | വിജോയ് കെ എം-വസ്ത്ര വ്യാപാരം | “ |
| 6/56 | ടി അഷറഫ്-മലഞ്ചരക്ക് | “ |
| 7/57 | ടി അഷ്റഫ്-കാപ്പിപ്പൊടി മില്ല് | “ |
| 8/72 | ആന്റണി പി ജെ-പലചരക്ക് | “ |
| 9/76 | ക്ഷീരോൽപ്പാദക സഹകരണ സംഘം തോൽപ്പെട്ടി | “ |
| 10/77 | കെ പി മമ്മൂട്ടി,ഹോളോബ്രിക്സ് നിർമ്മാണം | “ |
| 11/104 | സമീർ-റെന്റൽ ഷോപ്പ് | “ |
| 12/106 | ചായക്കട,പലചരക്ക് | “ |
| 13/121 | കെ എം മനോഹരൻ-സർവ്വീസ് വില്ല | “ |
| 14/129 | സജിത്ത് കുമാർ-മെഡിക്കൽ ഷോപ്പ് | “ |

| | | |
|---|---|---|
| 15/131 | ഷിനോജ്,ബാർബർ ഷോപ്പ് | “ |
| 16/165 | ടി ടി തോമസ്-ബേക്കറി | “ |
| 17/166 | തോമസ് പി എം-ബേക്കറി | “ |
| 18/170 | ഇ കെ മൊയ്തു ഹാജി-ഫാൻസി | “ |
| 19/179 | മജീദ് പി വി-സ്റ്റേഷനറി | “ |
| 20/194 | ക്ഷീരോൽപ്പാദക സഹകരണ സംഘം-അപ്പപ്പാറ | “ |
| 21/198 | സജീവ് എസ് ആർ-വാഹന പുക പരിശോധന | “ |
| 22/223 | രാജേന്ദ്രൻ-ഹോട്ടൽ | “ |
| 23/238 | സജിത്ത് കുമാർ-ഹോട്ടൽ | “ |
| 24/243 | സാം ജോർജ്ജ്-സ്റ്റഡുഡിയോ | “ |
| 25/253 | നിഷാ സോളി-റെഡിമെയ്ഡ് ഷോപ്പ് | “ |
| 26/254 | ഉഷാന്ത്-പലചരക്ക് | “ |
| 27/255 | ശിവദാസൻ-ഹോട്ടൽ | “ |
| 28/263 | അഫ്സൽ ടി കെ-പലചരക്ക് | “ |
| 29/268 | ക്ഷീരോൽപ്പാദക സഹകരണ സംഘം-പനവല്ലി-മീറ്റ് ഔട്ട്ലെറ്റ് | “ |
| 29/269 | ക്ഷീരോൽപ്പാദക സഹകരണ സംഘം-പനവല്ലി | “ |
| 30/270 | ജ്യോതിസരീഷ്- | “ |

| | | |
|---|---|---|
| | ഗാർമെന്റ്സ് | |
| 31/274 | ലിസി ജോസഫ്-ടൈലറിംഗ് & സ്റ്റിച്ചിംഗ് | “ |
| 32/283 | അനീഷ് കെ ജി-ഫുഡ്പ്രൊഡക്ട്സ് | “ |
| 33/284 | സജി കെ ജെ-മെഡിക്കൽഷോപ്പ് | “ |
| 34/285 | പി റ്റി കിഷോർ-സർവ്വീസ് വില്ല. | “ |
| 35/302 | സിറിൾ-റസ്റ്റോറന്റ് | “ |
| 36/305 | ജാവിദ് കെ പി-ലോഡ്ജ് | “ |
| 37/316 | സെബാസ്റ്റ്യൻ ജോസഫ്-സർവ്വീസ് വില്ല. | “ |
| 38/317 | ജോൺസൺ വി സി | “ |
| 39/333 | രമ്യ എം-റിസോർട്ട് | “ |
| 40/351 | പി അലി-ബേക്കറി | രണ്ടാം അർദ്ധവർഷം |
| 41/382 | ജെ എൻ എ,എടയൂർ കുന്ന്-പലചരക്ക് | “ |
| 42/409 | സഹ്യാദ്രി റിസോർട്ട്, തിരുനെല്ലി | ഒന്നാം അർദ്ധവർഷം |
| 43/411 | കെ പി ജയജിത്ത്-ഹോം സ്റ്റേ | “ |
| 44/421 | സർവ്വീസ് കോ ഓപ്പ് ബാങ്ക് | “ |
| 45/427 | ക്ഷീരോൽപ്പാദക സഹകരണ സംഘം-തോൽപ്പെട്ടി | “ |
| 46/ | മാവേലി സ്റ്റോർ കാട്ടിക്കുളം | “ |

തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

2.വാർഷിക ധനകാര്യ പത്രികയിൽ സ്ഥാപന തൊഴിൽനികുതിയുടെ ഡിമാന്റ്

തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

സ്ഥാപന തൊഴിൽനികുതി ഡിമാന്റും കളക്ഷനും വാർഷിക ധനകാര്യ പത്രിക പ്രകാരം 2,60,992/- രൂപയാണ് എന്നാൽ മുകളിൽ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ്ചെയ്തിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

3.പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നില്ല. ഈടാക്കി അറിയിക്കേണ്ടതാണ്.

4.കേരള ഗ്രാമീൺബാങ്ക് തിരുനെല്ലി ബ്രാഞ്ചിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഈടാക്കി അറിയിക്കേണ്ടതാണ്.

5.രജിസ്റ്ററിലും വാർഷിക ധനകാര്യ പത്രികയിലും കാണിച്ചിരിക്കുന്ന തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| സ്ഥാപന തൊഴിൽനികുതി | എ എഫ് എസ് പ്രകാരം | രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| ഡിമാന്റ് | 2,60,992/- | 2,40,992/- | 20,000/- |
| കളക്ഷൻ | 2,60,992/- | 2,36,374/- | 24,618/- |

സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി അഡ്വാൻസ് 65,600/- രൂപയും ബാലൻസ് ഷീറ്റ് ബി 9 പട്ടിക പ്രകാരം 80,540/- രൂപയുമാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

6.രജിസ്റ്ററിലെ പേജ് ടോട്ടലും സംഷിപ്തവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ പ്രകാരം പേജ് 55 ലെ മൊത്തം തുക 1680 രൂപയാണ് എന്നാൽ രജിസ്റ്ററിന്റെ സംഷിപ്തത്തിൽ പേജ് 55 ലെ ടോട്ടൽ 6298 രൂപയാണ്.സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ പ്രകാരം പേജ് 13 ലെ മൊത്തം തുക 3960രൂപയാണ് എന്നാൽ രജിസ്റ്ററിന്റെ സംഷിപ്തത്തിൽ പേജ് 13ലെ ടോട്ടൽ 390 രൂപയാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

7. ഗ്രാമപഞ്ചായത്തിന്റെ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്ന കോൺട്രാക്ടർമാരുടെ തൊഴിൽനികുതി പിരിച്ചെടുക്കുന്നില്ല.

അസി എഞ്ചിനീയർ ലഭ്യമാക്കിയ കോൺട്രാക്ടർമാരുടെ ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്ന 38 അംഗീകൃത

കോൺട്രാക്ടർമാരുണ്ട് ഇവരുടെ തൊഴിൽ നികുതി പിരിച്ചെടുത്തതിന്റെയോ മറ്റേതെങ്കിലും തദ്ദേശ സ്ഥാപനത്തിൽ തൊഴിൽനികുതി അടവാക്കിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇവരുടെ തൊഴിൽ നികുതി അടവാക്കിയതിൻെറ രേഖകൾ ഹാജരാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3, തിയ്യതി 12/12/2018 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിലും, സ്ഥാപന തൊഴിൽ നികുതി ഇനത്തിലും കിട്ടാനുള്ള തുകകൾ പിരിച്ചെടുത്ത് അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതായിരിക്കും.

## 2-3 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുന്നു

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള കാട്ടിക്കുളം ഷോപ്പിംഗ്കോംപ്ലക്സിലെ 9 കടമുറികൾ 30/08/2018 തിയ്യതിയിൽ ലേലത്തിൽ വെക്കുകയും 106 പേർ ലേലത്തിൽ പങ്കെടുത്തതിൽ ഓരോ മുറികൾക്കും ഏറ്റവും കൂടുതൽ ലേലം വിളിച്ചവർക്ക് ലേലം താൽക്കാലികമായി അംഗീകരിച്ചു നൽകുകയും ചെയ്തു. 5/9/2018 തിയ്യതിയിൽ നടന്ന ഭരണസമിതി യോഗത്തിലെ 3/1-ാം നം.തീരുമാനപ്രകാരം യോഗം ലേലം അംഗീകരിക്കുകയും ലേലം കൊള്ളാത്തവരുടെ EMD തിരിച്ചുകൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. ലേലം ഭരണസമിതി അംഗീകരിച്ചെങ്കിലും ലേലം കൊണ്ടവർ എഗ്രിമെന്റ് വെക്കുകയോ സെക്യൂരിറ്റി അടക്കുകയോ ചെയ്തിട്ടില്ല. എന്നാൽ അധികൃതർ ലേലം റദ്ദാക്കി പുനർലേലം നടത്തുകയോ EMD പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല. ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ എത്രയും പെട്ടെന്ന് പുനർലേലം ചെയ്യാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5,തിയ്യതി 15/12/2018ക്ക് മറുപടിയായി ലേലം കൊണ്ടവർക്ക് എഗ്രിമെന്റ് വെക്കുവാനും സെക്യൂരിറ്റി തുക അടവാക്കാനും കാണിച്ച് കത്തു നൽകിയെങ്കിലും ആരും പ്രതികരിക്കാത്തതുകൊണ്ട് 7 ദിവസത്തെ സമയം കൂടി നൽകി രജിസ്റ്റേർഡ് നോട്ടീസ് അയക്കാനും പ്രതികരിച്ചില്ലെങ്കിൽ ഇ എം ഡി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി മുറികൾ പുനർലേലം ചെയ്യാനും തീരുമാനിച്ചതായി സെക്രട്ടറി അറിയിച്ചു. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

# 2-4 കെട്ടിട നിർമ്മാണ പെർമ്മിറ്റ് അപാകത - സംബന്ധിച്ച്.

1. പെർമിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല:

ത.സ്വ.ഭ.വകുപ്പിന്റെ 20/06/2007ലെ 24136/RA 1/2007/ ത.സ്വ.ഭ.വ നംമ്പർ സർക്കുലറിലെ അപ്പൻഡിക്സ് 1 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷാ രജിസ്റ്റർ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി പരിപാലിക്കേണ്ടതാണ്.രജിസ്റ്ററിലെ പേജ് നംമ്പർ, നംമ്പർ ക്രമത്തിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതും രജിസ്റ്ററുകളിലെ വരികളെല്ലാം പൂർണ്ണമായി വിനിയോഗിക്കേണ്ടതും രേഖപ്പെടുത്തലുകൾക്കിടയിൽ ശൂന്യമായി ഇടുന്ന വരികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കെട്ടിടനിർമ്മാണ അപേക്ഷകൾ (പെർമ്മിറ്റ് /ക്രമവൽക്കരണം /ഒക്യുപ്പെൻസി)ഫ്രണ്ട് ഓഫീസിൽ അപേക്ഷാ ഫീസ് സഹിതം സ്വീകരിക്കേണ്ടതും ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറന്റ് നംമ്പറിന്റെ ക്രമത്തിൽ തന്നെ പെർമ്മിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും അപൂർണ്ണമായതോ അപാകത ഉള്ളതോ ആണെങ്കിൽകൂടി ആയത് കറന്റ് നംമ്പറിന്റെ ക്രമത്തിൽ ബന്ധപ്പെട്ട രജിസ്റ്ററിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി സമയക്രമത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.എന്നാൽ മേൽ സർക്കുലർ പ്രകാരം ബന്ധപ്പെട്ട സെക്ഷൻ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുകയോ അധികാരികൾ മേൽനോട്ടം വഹിക്കുകയോ ചെയ്യുന്നില്ല. ഖണ്ഡികയിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

2.റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ്:-

കേരള പഞ്ചായത്ത് രാജ് ആക്ട് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 135(3) പ്രകാരം ഒരു ക്രമവൽക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമ്മിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നപോലെ തന്നെയായിരിക്കേണ്ടതാണ്. ചട്ടം 137(4) പ്രകാരം പെർമ്മിറ്റ് എടുക്കാതെയുള്ളവ അല്ലെങ്കിൽ അംഗീകൃത പെർമ്മിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള നിർമ്മാണം ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമ്മിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കിക്കൊണ്ട് നിർമ്മാണം ക്രമവൽക്കരിക്കാവുന്നതാണ്. ഈ വിഷയത്തിന്മേൽ 11/11/2015 ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 229813/ആർ ഡി2/15 നം. കത്തിലൂടെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സർക്കാർ

നൽകിയ സ്പഷ്ടീകരണത്തിൽ ഒരിക്കൽ പെർമ്മിറ്റെടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച് സംഗതികൾ ക്രമവൽക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും പെർമ്മിറ്റെടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും പെർമ്മിറ്റ് ഫീസും ഈടാക്കണമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്.

2017-18 കാലയളവിൽ പഞ്ചായത്ത് പരിധിയിൽ പെർമ്മിറ്റ് എടുക്കാതെ/അംഗീകൃത പെർമ്മിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിച്ച കെട്ടിടങ്ങൾക്ക് രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കിയിട്ടുള്ളത് പെർമ്മിറ്റ് ഫീസ് ഈടാക്കിയിട്ടില്ല.ഉദാ.

| പേര് | കെട്ടിടത്തിന്റെ തരം | അളവ് (m2) | പെർമ്മിറ്റ് ഫീസടക്കം ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| റുഖിയ B1-4411/17 | വാസഗൃഹം | 124.47 | 1120 | 747 | 373 |
| ത്രേസ്യ B1 4761/17 | വാസഗൃഹം | 75.64 | 681 | 456 (117010101652/11/10/17) | 225 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 8, തിയ്യതി 17/12/2018)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് കെട്ടിടം നിർമ്മിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾക്ക് വിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾ കണ്ടെത്തി ആനുപാതികമായ പെർമിറ്റ് ഫീ ഈടാക്കേണ്ടതാണ്.

## 2-5 വസ്തുനികുതി- രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല.

വസ്തുനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, വസ്തുനികുതി അപ്പീൽ രജിസ്റ്റർ, നികുതി എഴുതി തള്ളൽ രജിസ്റ്റർ, വേക്കൻസി റെമിഷൻ രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

## 2-6 വാണിജ്യ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചതിൽ

## കുറവ്:-

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം(തീരുമാനം നമ്പർ ഹാജരാക്കിയിട്ടില്ല) 100m$^2$ ന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 60/- രൂപയാണ് വസ്തുനികുതി ഈടാക്കേണ്ടത്. എന്നാൽ ഇതിനു വിരുദ്ധമായി അടിസ്ഥാന നിരക്ക് 50/-രൂപ നിരക്കിലാണ് പഞ്ചായത്ത് ഈടാക്കിയിരിക്കുന്നത്. ഉദാ.

ഗ്രാമപഞ്ചായത്തിന്റെ 9-ാം വാർഡിൽ ശ്രീ.ഇ സി മുഹമ്മദ് എന്നയാൾക്ക് 385N മുതൽ Z വരെ 579.88 m$^2$ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് കെട്ടിടം നംമ്പർ അനുവദിച്ചു. 100 m2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് കേ പ രാ ആക്റ്റ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പട്ടിക 1 പ്രകാരം 50 രൂപ മുതൽ 70 രൂപ വരെയാണ് ഈടാക്കേണ്ടത്. തിരുനെല്ലി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം 100 m$^2$ ന് മുകളിലുള്ള വാണിജ്യ കെട്ടിടത്തിന് 60 രൂപ (per m$^2$) യാണ് ഈടാക്കേണ്ടത്. എന്നാൽ 50 രൂപാനിരക്കിലേ ഈടാക്കിയിട്ടുള്ളൂ.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര. നം | കെട്ടിട നം. & നില | തറ വിസ്തീർണ്ണം (m$^2$) | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി | കുറവ് |
|---|---|---|---|---|---|
| 1. | IX/385 N,ഭൂനിരപ്പ് നില | 20.48 | 117.66ച.മി<br>ഉപയോഗക്രമം -ഷോപ്പുകൾ അടിസ്ഥാന നിരക്ക്-50/- രൂപ- വർദ്ധനവ്(വഴിസൗകര്യം)-20%. ലൈബ്രറിസെസ്-5 %. അടിസ്ഥാന വസ്തു നികുതി- 117.66*50+20%=7060 ലൈബ്രറിസെസ് 5%=353<br>നിർണ്ണയിച്ച വസ്തുനികുതി=7413 | 117.66ച.മി<br>ഉപയോഗക്രമം – ഷോപ്പുകൾ അടിസ്ഥാന നിരക്ക്-60/- രൂപ- വർദ്ധനവ് (വഴിസൗകര്യം)-20%. ലൈബ്രറിസെസ്-5 %.<br>അടിസ്ഥാന വസ്തു നികുതി- 117.66*60+20%=8472 ലൈബ്രറിസെസ് 5%=424<br>നിർണ്ണയിക്കേണ്ട വസ്തുനികുതി=8896 | 1483 |
| | IX/385 O,ഭൂനിരപ്പ് നില | 19.84 | | | |
| | IX/385 P,ഭൂനിരപ്പ് നില | 20.16 | | | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | IX/385 R,ഭൂനിരപ്പ് നില | 57.18 | | | |
| | IX/385 S,ഒന്നാം നില | 76.2 | 323.67ച.മി<br>ഉപയോഗക്രമം -ഷോപ്പുകൾ അടിസ്ഥാന നിരക്ക്-50/- രൂപ-<br>നില-ഇളവ്-5% വർദ്ധനവ്(വഴിസൗകര്യം)-20%. ലൈബ്രറിസെസ്-5 %.<br>അടിസ്ഥാന വസ്തു നികുതി- 323.67*50+20%-5%=18449 ലൈബ്രറിസെസ് 5%=922<br>നിർണ്ണയിച്ച വസ്തുനികുതി= 19371 | 323.67ച.മി<br>ഉപയോഗക്രമം -ഷോപ്പുകൾ അടിസ്ഥാന നിരക്ക്-50/- രൂപ-<br>നില-ഇളവ്-5%<br>വർദ്ധനവ് (വഴിസൗകര്യം)-20%. ലൈബ്രറിസെസ്-5 %.<br>അടിസ്ഥാന വസ്തു നികുതി- 323.67*60+20 %-5%=22,139/- ലൈബ്രറിസെസ് 5%=1107/- നിർണ്ണയിച്ച വസ്തുനികുതി= 23246 | 3875 |
| | IX/385 T,ഒന്നാം നില | 83.03 | | | |
| | IX/385 U,ഒന്നാം നില | 24.92 | | | |
| | IX/385 V,ഒന്നാം നില | 31.71 | | | |
| | IX/385 W,ഒന്നാം നില | 25.95 | | | |
| | IX/385 X,ഒന്നാം നില | 32.13 | | | |
| | IX/385 Y,ഒന്നാം നില | 25.25 | | | |
| | IX/385 Z,ഒന്നാം | 24.48 | | | |

| | | | |
|---|---|---|---|
| | നില | | |
| ആകെ | | | 5611/- |

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ഒരു വാണിജ്യ കെട്ടിടത്തിൽ നിന്ന് മാത്രം ഒരു വർഷം ഉണ്ടായ നഷ്ടം 5,358/- രൂപയാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളുടേയും നികുതി നിർണ്ണയിച്ചത് പരിശോധിച്ച് കുറവുവന്ന നികുതി അതാതു കാലങ്ങളിൽ സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരിൽ നിന്നും സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-7 റിസോർട്ടിന്റെ പാർക്കിംഗ് സ്ഥലത്ത് അനധികൃത നിർമ്മാണം

22.12.18 ന് ഒന്നാം വാർഡിൽ(റി.സ 281) ശ്രീ.സതീഷ് കുമാറിന്റെ ഉടമസ്ഥതയിലുള്ള മയൂഖം റിസോർട്ടിൽ പഞ്ചായത്ത് അധികൃതരോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ പഞ്ചായത്തിൽ സമർപ്പിച്ച അംഗീകൃത പൂർത്തീകരണപ്ലാനിൽ നിന്നും വ്യത്യസ്തമായി വാഹന പാർക്കിംഗ് 7.6 X3.4 വിസ്തീർണ്ണത്തിൽ ഒരു അനധികൃത കെട്ടിടം നിർമ്മിച്ച് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.മേൽ കെട്ടിടം കെ പി ബി ആറിന് വിരുദ്ധമായാണ് നിർമ്മിച്ചിരിക്കുന്നത്.ആയതിനാൽ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235എഎ പ്രകാരം ഈ കെട്ടിടം പണി പൂർത്തിയാക്കിയ 2017 രണ്ടാം അർദ്ധവർഷം മുതൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ പൊളിച്ചു മാറ്റുന്ന തിയ്യതി വരെ യഥാർത്ഥത്തിൽ ഈ കെട്ടിടത്തിന് ചുമത്തേണ്ട വസ്തു നികുതിയുടെ മൂന്നിരട്ടി ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് അതാത് വർഷത്തെ സെക്രട്ടറിമാരിൽ നിന്നും ഈടാക്കുന്നതിനുള്ള ചാർജ്ജ് നടപടി സ്വീകരിക്കുന്നതായിരിക്കും.

മേൽ റിസോർട്ടിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം 20 കാർ പാർക്കിംഗ് ഏരിയയും 75 ച മീ. ടൂ വീലർ പാർക്കിംഗ് ഏരിയയും ഉണ്ട് എന്നാൽ സ്ഥല പരിശോധനയിൽ 7 കാറുകൾക്ക് പാർക്ക് ചെയ്യാനുള്ള സ്ഥലം മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ടൂ വീലർ പാർക്കിംഗിനുള്ള സ്ഥലമായി പ്ലാനിൽ കാണിച്ചിരിക്കുന്ന സ്ഥലം വണ്ടി കയറ്റാൻ പറ്റാത്തവിധം ചരിഞ്ഞ സ്ഥലമാണ്. അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് പ്രവൃത്തികൾ - ഗുണഭോക്തൃസമിതിക്ക് അർഹമായതിലും അധികം തുക നൽകി.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ, മുള്ളൻ കൊല്ലി അങ്കൺവാടി മെയിന്റനൻസ് എന്ന പ്രവർത്തിയിൽ ഗുണഭോക്തൃ സമിതിക്ക് അർഹമായതിലും അധികം തുക നൽകിയിട്ടുണ്ട്. പ്രോജക്ട് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0190/18 |
| പ്രോജക്ടിന്റെ പേര് | മുള്ളൻ കൊല്ലി അങ്കൺവാടി മെയിന്റനൻസ് |
| അടങ്കൽ | 200000/- രൂപ (സംരക്ഷണ ഗ്രാന്റ് റോഡിതരം.) |
| ചെലവ് | 151486/-രൂപ [ട്രഷറി ബിൽ നമ്പർ 6/17-18/ 30-06-2017 |
| എം. ബുക്ക് നമ്പർ | 05/16-17 (പേജ് നം. 1 മുതൽ 24 വരെ) |
| കൺവീനർ | ശ്രീമതി. നജ്മത്ത്. എം, തൃശ്ശിലേരി. |
| കരാറുടമ്പടി നമ്പർ | AE/LSGD/TNLY/48/16-17/22-02-2017 |
| എസ്റ്റിമേറ്റ് തുക/നമ്പർ | 200000/- 2016/54477 |
| പ്രവൃത്തി പൂർത്തികരിച്ച തീയതി | 30/03/17 (അളവ് പുസ്തകം പേജ് നമ്പർ 9) |

മേൽ പ്രോജക്ടിന്റെ PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് 7.5% ഓവർ ഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിരിക്കുന്നത്. അളവ് പുസ്തകം പ്രകാരം പ്രവൃത്തിയുടെ മൂല്യം 142911/-രൂപയാണ് (നികുതികൾ ഉൾപ്പെടെ). എന്നാൽ, അളവ് പുസ്തക പ്രകാരവും ഫൈനൽ ബിൽ പ്രകാരവും വീണ്ടും നികുതി കൂട്ടി നൽകിയിട്ടുണ്ട്. ഫൈനൽ ബിൽ പ്രകാരം (അളവ്പുസ്തകം പേജ് നമ്പർ 24 പ്രകാരം) 141396/- രൂപ കൺവീനർ, നജ്മത്ത്. എം ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഫൈനൽ ബിൽ പ്രകാരം | യഥാർത്ഥത്തിൽ കൊടുക്കേണ്ടി യിരിക്കുന്നത് | അധികം നൽകിയത് |
|---|---|---|---|

| | | | |
|---|---|---|---|
| | നൽകിയത് | | |
| പ്രവർത്തിയുടെ മൂല്യം(നികുതികൾ ഉൾപ്പെടെ) | 142911/- | 142911/- | -- |
| നികുതികൾ കൂട്ടുക<br>VAT 5%<br>KCWWF 1%<br>ആകെ നികുതി | 7146<br>1429<br>8575 | -- | -- |
| ആകെ | 151486/- | 142911/- | -- |
| നികുതികൾ കുറക്കുക VAT 5%<br>KCWWF 1%<br>IT 1%<br>ആകെ നികുതികൾ | 7146<br>1515<br>1429<br>10090 | 7146<br>1429<br>1429<br>10004 | -- |
| മൊത്തം | 141396/- | 132907/- | 8489/- |

മേൽ പട്ടിക പ്രകാരം 8489/- രൂപ കൺവീനർക്ക് അധികം നൽകിയിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/17-18/17-12-18) നഷ്ടം കൺവീനറിൽ നിന്നും ഈടാക്കി അറിയിക്കാം എന്നാണ് മറുപടി ലഭ്യമാക്കിയത്. 8489/- രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 ആശ്രാമം സ്കൂൾ റോഡ് കൾവർട്ട് പുനർ നിർമ്മാണം- പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0255/18 |
| പ്രോജക്ടിന്റെ പേര് | ആശ്രമം സ്കൂൾ റോഡ് കൾവർട്ട് പുനർ നിർമ്മാണം |

| | |
|---|---|
| അടങ്കൽ | 2000000/- രൂപ (സംരക്ഷണ ഗ്രാന്റ് റോഡ്) |
| ചെലവ് | 1229136/-രൂപ [ട്രഷറി ബിൽ നമ്പർ 27/17-18/ 26-10-2017 |
| എം. ബുക്ക് നമ്പർ | 193/15-16 (പേജ് നം. 1 മുതൽ 24 വരെ) |
| കോൺട്രാക്ടർ | ശ്രീ. കലന്തർഷാ, കാസർഗോഡ് |
| കരാറുടമ്പടി നമ്പർ | 5/15-16/23-06-2015 |
| പി.എ.സി | 1884291/- |
| എസ്റ്റിമേറ്റ് തുക | 2000000/- |
| പ്രവൃത്തി പൂർത്തികരിച്ച തീയതി | 28/06/17 (അളവ് പുസ്തകം പേജ് നമ്പർ 15) |

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പ്രവർത്തി നിലവിലുള്ള തകർന്ന കൾവർട്ട് പുനർ നിർമ്മിക്കുന്നതിന് 2014-15 സാമ്പത്തിക വർഷമാണ് ആരംഭിച്ചത് (പ്രോജക്ട് നം. 28/15). കരാറുടമ്പടി പ്രകാരം 29/04/2015 നാണ് പ്രവർത്തി പൂർത്തീകരിക്കേണ്ടിയിരുന്നത്. എന്നാൽ, ഇതു വരെ പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ, 26.10.17 ന് പാർട്ട് ബിൽ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പ്രവർത്തിയുടെ മൂല്യം(അളവ് പുസ്തകം പേജ് നം. 23) | | 1323708 |
| ടെണ്ടർ ബിലോ കുറയ്ക്കുക(5.72%) | 75716 | 1247992 |
| കരാർ ചമക്കാൻ വൈകിയതിനുള്ള ഫൈൻ കുറക്കുക(1%) | 18856 | 1229136 |
| നികുതികൾ കുറക്കുക | 73747 | 1155389 |
| റീടെൻഷൻ കുറക്കുക(10%) | 122914 | 1032475 |

മേൽ പ്രകാരം 1032475/- രൂപ പാർട്ട് പേയ്മെന്റായി ശ്രീ. കലന്തർഷായ്ക്ക് നൽകിയിട്ടുണ്ട്. കാരാറുമ്പടിയിലെ തീയതിയിൽ പ്രവർത്തി പൂർത്തിയാക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/17-18/19-12-18) ലഭ്യമാക്കിയ മറുപടിയിൽ, നഷ്ടം പ്രസ്തുത പ്രവർത്തി നടക്കേണ്ട റോഡിൽ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ഒരു കലുങ്ക് നിർമ്മാണം കൂടി ഉണ്ടായിരുന്നു എന്നും, അത് പൂർത്തീകരിച്ചതിന് ശേഷം (പൂർത്തീകരണ തീയതി 29.05.2017) മാത്രമെ പ്രവർത്തി നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ, കലന്തർഷായുടെ 16/09/15 -ാം തീയതിയിലെ കത്തിൽ മേൽ കാരണം മൂലം പ്രവർത്തി 30/06/17 വരെ നീട്ടി നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും അസി. എഞ്ചിനീയർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

21-05-2018-)ം തീയതി, അസി. എഞ്ചിനീയർ, ശ്രീ. കലന്തർഷാക്ക് അയച്ച കത്തിൽ (നം. എ.ഇ/ഒ.ഇ/03/17-18) ഇതു വരെ പ്രവർത്തി പൂർത്തീകരിക്കുകയോ ഓഫീസുമായി ബന്ധപ്പെടുകയോ ചെയ്തിട്ടില്ല എന്നും കലന്തർഷായുടെ നഷ്ടോത്തരവാദിത്തത്തിൽ ബാക്കി പ്രവർത്തികൾ മറ്റൊരാളെ ഏൽപ്പിച്ച് പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തിരുനെല്ലി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിന് അസി. എഞ്ചിനീയർ 01/12/18 -ാം തീയതി നൽകിയ അപേക്ഷയിൽ (നം. AE/LSGD/TNLY/03/17-18) അയച്ച കത്തിൽ കലന്തർഷായുടെ നഷ്ടോത്തരവാദിത്തത്തിൽ ബാക്കി പ്രവർത്തികൾ മറ്റൊരാളെ ഏൽപ്പിച്ച് പൂർത്തീകരിക്കുന്നതിനും കലന്തർഷായെ കരിമ്പട്ടികയിൽ പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. 17-12-2018 – ന് നടത്തിയ സ്ഥല പരിശോധനയിൽ, കൾവർട്ട് പണി തീർക്കുകയും നിലവിൽ വണ്ടികൾ കൾവർട്ടിനു മുകളിലൂടെ പോകുകയും ചെയ്യുന്നുണ്ട്. എന്നാൽ, കൾവർട്ടിന്റെ സംരക്ഷണ ഭിത്തി കെട്ടിയിട്ടില്ല. സംരക്ഷണ ഭിത്തി ഇല്ലാത്തതിനാൽ റോഡ് ഇടിയുകയാണെങ്കിൽ കൾവർട്ടിന് കേടുപാടുകൾ സംഭവിക്കാൻ സാധ്യതയുണ്ട്.

അതിനാൽ ബാക്കി പ്രവർത്തികൾ കോൺട്രാക്ടറുടെ നഷ്ടോത്തരവാദിത്തത്തിൽ പൂർത്തികരിച്ച് അറിയിക്കേണ്ടതുണ്ട്. കരാറുടമ്പടിയിലെ പൂർത്തീകരണ തിയ്യതിയിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-3 ടെണ്ടർ ഫോറം വില - പഞ്ചായത്തിൽ വരവ് വന്നിട്ടില്ല

അസി.എഞ്ചിനീയർ 2017-18 സാമ്പത്തിക വർഷത്തിൽ 17 പ്രവൃത്തികൾക്ക് ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുണ്ട്. ടെണ്ടർ ഫോറം വില ഇനത്തിൽ 61700/- രൂപയും ജി.എസ്.ടി ഇനത്തിൽ 4650/- രൂപയും വരവുണ്ട്. എന്നാൽ ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/16-17/8.8.2017) അസി.എഞ്ചിനീയർ നല്കിയ മറുപടിയിൽ 'നിലവിൽ അപ് ലോഡ് ചെയ്തിരിക്കുന്ന

കംപ്യൂട്ടർ പ്രോഗ്രാം പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരുന്നതെന്നും, തുക പഞ്ചായത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ടെണ്ടർ ഫോറം വില ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-4 പച്ചക്കറികൃഷി കുടുംബശ്രീ മുഖേന – വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം. 152/18

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

പ്രോജക്ടിന്റെ പേര് - പച്ചക്കറികൃഷി കുടുംബശ്രീ മുഖേന

അടങ്കൽ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 200000/- രൂപ

ബിൽ നം – 3/17-18 തീയതി 7.2.18 ചെലവ് തുക – 200000/-രൂപ

ഗ്രാമ പഞ്ചായത്ത് പരിധിയിലെ തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ യൂണിറ്റുകൾക്ക് പച്ചക്കറികൃഷി നടത്തുന്നതിനായി പച്ചക്കറി തൈകൾ വിതരണം നടത്തുകയും അതിലൂടെ പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുകയുമാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കുടുംബശ്രീകൾക്ക് വിതരണം നടത്തുന്നതിനായി പച്ചക്കറി തൈകൾ (തക്കാളി, പച്ചമുളക്, വഴുതിന, പയർ മുതലായവ) മീനങ്ങാടിയിലുള്ള ബ്രഹ്മഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ നിന്നും വാങ്ങിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണം നടത്തുന്നതിന്റെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകൾ കൃഷി ചെയ്യുന്ന സ്ഥലം സംബന്ധിച്ച പരിശോധന നിർവ്വഹണ ഉദ്യോഗസ്ഥൻ നടത്തുകയോ, ആയതിന്റെ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. പച്ചക്കറി തൈകൾ വിതരണം നടത്തുന്നതിനായി ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ യൂണിറ്റുകളുടെ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥന് സെക്രട്ടറി നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത യൂണിറ്റുകൾക്ക് പച്ചക്കറി തൈകൾ വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 10 തീയതി 18/12/2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിച്ച 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 കോളനികളിൽ പൈപ്പ് ലൈൻ നീട്ടൽ - പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 09/2018 |
| പ്രോജക്ടിൻെറ പേര് | കോളനികളിൽ പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ | 7,85,000/- രൂപ |
| ബിൽ നം. | 2/17-18 തീയതി 8/2/2018 തുക 7,85,000/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| ഫണ്ട് ഇനം | ടി.എസ്.പി. |

ഗ്രാമപഞ്ചായത്തിലെ വിവിധ കോളനികളിലെ നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. 8 കോളനികളിലെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുകയാണ് ഇതിലൂടെ നടപ്പാക്കുന്നത്. സുൽത്താൻ ബത്തേരി ജല അതോറ്റി അസി.എഞ്ചിനീയർ , തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം (ഡി2.748/4(2) തീയതി 27/10/2017) 785000/- രൂപ കേരള വാട്ടർ അതോറിറ്റിയിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 15തീയതി 19/12/2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകണം അറിയിക്കേണ്ടതാണ്.

## 3-6 മുട്ടക്കോഴി വിതരണം - കൈപ്പറ്റ് രേഖ ലഭ്യമാക്കിയിട്ടില്ല.

തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ താഴെപറയും പ്രകാരം കുടുബശ്രീ ഗ്രൂപ്പുകൾക്ക് മുട്ടക്കോഴി വിതരണം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 234/18 |
| പ്രോജക്ടിന്റെ പേര് | കുടുബശ്രീ ഗ്രൂപ്പുകൾക്ക് മുട്ടക്കോഴി വിതരണം പദ്ധതി |
| അടങ്കൽ | 20,00,000/-രൂപ (പൊതു വിഭാഗം ജനറൽ – 1000000+1000000 ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 13,70,000/-രൂപ |
| ബിൽ നമ്പർ/തീയതി/തുക | LSGVI/17-18 /29/03/2018 തുക 6,85,000/-രൂപ<br>ഗുണഭോക്തൃവിഹിതം - 6,85,000/-രൂപ<br>ആകെ =13,70,000/-രൂപ |

മേൽ പ്രകാരം തിരുനെല്ലി ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ 137കുടുബശ്രീ ഗ്രൂപ്പുകൾക്ക് ഒരു ഗ്രൂപ്പിന് 100 മുട്ടക്കോഴികുഞ്ഞ് എന്ന തോതിൽ നൂറ് രൂപ നിരക്കിൽ സർക്കാർ അംഗീകൃത സ്ഥാപനമായ എസ് ആന്റ് ടി എഗ്ഗ് നേഴ്സറി,കണിയാമ്പറ്റ എന്ന സ്ഥാപനത്തിൽ നിന്നും 13700 മുട്ടക്കോഴി കുഞ്ഞുങ്ങളെ വാങ്ങി കുടുബശ്രീക്ക് സി.ഡി.എസ് മുഖേന വിതരണം നടത്തുകയും സി.ഡിഎസിന്റെ കൈപ്പറ്റ് രേഖ വാങ്ങി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 137കുടുബശ്രീ ഗ്രൂപ്പുകൾക്ക് മുട്ടക്കോഴികുഞ്ഞുങ്ങളെ വിതരണം നടത്തിയിട്ടുണ്ടെങ്കിലും 22 കുടുബശ്രീ ഗ്രൂപ്പുകകളിൽ നിന്ന് മാത്രമേ കൈപ്പറ്റ് രേഖ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. മുട്ടക്കോഴികുഞ്ഞുങ്ങളെ കൈപ്പറ്റിയ മുഴുവൻ കുടുബശ്രീകളിൽ നിന്നും കൈപ്പറ്റ് രേഖ വാങ്ങിയിട്ടില്ല. കൈപ്പറ്റ് ലഭ്യമാക്കാത്ത കുടുംബശ്രീകളിൽ നിന്ന് കൈപ്പറ്റ് രേഖ വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം.11,തീയ്യതി 18/12/2018) മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രേഖ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-7 മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ പദ്ധതി - മെഡിക്കൽ സർട്ടിഫിക്കറ്റ് ഇല്ലാത്ത കുട്ടികൾക്കും ധനസഹായം നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | So 236/18 |
| പ്രോജക്ടിൻെറ പേര് | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് |
| ഫണ്ടിനം | വികസന ഫണ്ട് ( |
| അടങ്കൽ | 2,00,000/-രൂപ |
| ചെലവ് | 1,86,200/-രൂപ |
| ബിൽ നമ്പർ/തീയതി/ തുക | ബിൽ നം -03/2017-18 തീയതി 13/11/2017 തുക 1,86,200/-രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03/04/2017 ലെ സ.ഉ (എം.എസ്) നമ്പർ 80/2017 ഉത്തരവ് ഖണ്ഡിക 10.4 ലെ യഥാക്രമം കുറിപ്പ് (3),(4),(5) പ്രകാരം പ്രതിമാസ സ്കോളർഷിപ്പ്/ബത്ത വർഷത്തിൽ 12 മാസവും നൽകേണ്ടതാണെന്നും, തുക നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അതാത് മാസം തന്നെ ലഭ്യമാക്കണമെന്നും, ധനസഹായത്തിന് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളായവരുടേയും അല്ലാത്തവരുടേയും പട്ടിക ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും,ഗ്രാമ/വാർഡ് സഭയിൽ വായിച്ച് അംഗീകാരം നേടേണ്ടതുമാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് മെഡിക്കൽ ബോർഡിൽ നിന്ന് വൈകല്യം സംബന്ധിച്ചുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ധനസഹായത്തിന് തിരഞ്ഞെടുക്കേണ്ടത് .

എന്നാൽ ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ധനസഹായം നൽകിയിരിക്കുന്നത് ബിൽ നം - 03/2017-18 തീയതി 13/11/2017 തുക 1,86,200/-രൂപ പ്രകാരം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ഒന്നിച്ചാണ്. കൂടാതെ പദ്ധതി ഫയലിൽ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമായിട്ടില്ല.

മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന ആകെ 17 കുട്ടികൾക്കാണ് സ്കോളർഷിപ്പ് വിതരണം നടത്തിയിട്ടുള്ളത്. എന്നാൽ താഴെ പറയുന്ന കുട്ടികളുടെ മെഡിക്കൽ ബോർഡിൽ നിന്നും ലഭ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല.

| ക്രമ നമ്പർ | പേര് | ഐ.എഫ്.സി കോഡ് | അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|---|
| 1 | നന്ദു.കെ | SYN0004216 | 42162210185310 | 11800/- |
| 2 | ശ്രീജ ശങ്കരൻ | KLGB0040404 | 40404101017186 | 11800/- |
| 3 | താണശ്രീ മണി | KLGB0040404 | 40404101054734 | 6600/- |
| 4 | യദു കൃഷ്ണ എം മണി | KLGB0040404 | 40404101017751 | 6600/- |
| 5 | സനീസ് | FDRL0WDCB01 | 130231200428240 | 11800/- |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 07/17-18/15/12/2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അംഗീകാരമുള്ള ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെയും,മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഗുണഭോക്താക്കൾക്ക് പ്രതിമാസ സ്കോളർഷിപ്പ്/ബത്ത നൽകിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-8 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കുട,ബാഗ് പദ്ധതി - കുറഞ്ഞ ടെണ്ടർ തുക അംഗീകരിക്കാത്തതിനാൽ നഷ്ടം -15456/-രൂപ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് ഒ 150/2018 |
| പ്രോജക്ടിന്റെ പേര് | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കുട, ബാഗ് പദ്ധതി |
| ഫണ്ടിനം | വികസനഫണ്ട് (ടി.എസ്.പി) |
| അടങ്കൽ | 5,00,000/-രൂപ |
| ചെലവ് | 4,99,744/-രൂപ |
| ബിൽ നമ്പർ/തീയതി/ തുക | 10/17-18 തീയതി 21/03/2018 തുക |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

മേൽ പ്രതിപാദിച്ച പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന 736 വീതം ബാഗും കുടയും ലഭ്യമാക്കുന്നതിന് ടെണ്ടർ ക്ഷണിക്കുകയും 4 സ്ഥാപനങ്ങൾ (അനു എന്റർപ്രൈസസ് ചിലഞ്ഞിച്ചാൽ, ഗൃഹലക്ഷ്മി പുൽപ്പള്ളി, കോപ്പറേറ്റീവ് സ്റ്റോർ മാനന്തവാടി , കെ.എസ് സെക്യൂരിറ്റി സിസ്റ്റം ഹോം ഓട്ടോമേഷൻ കൊണ്ടോട്ടി) ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. 29/01/2018 – ൽ ചേർന്ന ഗ്രാമപഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി 3 -ാം നമ്പർ തീരുമാന പ്രകാരം ഏറ്റവും കുറവ് ക്വാട്ട് ചെയ്ത ഗൃഹലക്ഷ്മി പുൽപ്പള്ളി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ പ്രകടമായിട്ടുണ്ട്. വിവിധ സ്ഥാപനങ്ങൾ ലഭ്യമാക്കിയ ടെണ്ടർ പ്രകാരമുള്ള വില വിവരം ടാബുലേറ്റ് ചെയ്ത് ചുവടെ ചേർക്കുന്നു.

| ക്രമ | സ്ഥാപനത്തിന്റെ | ക്വാട്ട് ചെയ്ത തുക |
|---|---|---|

| നം | പേര് | | |
|---|---|---|---|
| | | ബാഗ് (സ്കൂബി മീഡിയം) | കുട |
| 1 | അന്ന എന്റർപ്രൈസസ് ചിലഞ്ഞിച്ചാൽ | 449/- | 280/- |
| 2 | കെ.എസ് സെക്യൂരിറ്റി സിസ്റ്റം ഹോം ഓട്ടോമേഷൻ കൊണ്ടോട്ടി | 399/-(ജ്യോതി) | 299/- |
| 3 | കോപ്പറേറ്റീവ് സ്റ്റോർ മാനന്തവാടി | 430/- | 265/- |
| 4 | ഗൃഹലക്ഷമി പുൽപ്പള്ളി, | 420/- | 259/- ബിൽ നം-01/15/03/2018 |

1. സ്കൂൾ ബാഗ് വാങ്ങുന്നതിന് കുടയ്ക്ക് കുറഞ്ഞ തുക ക്വാട്ട് ചെയ്ത കെ.എസ് സെക്യൂരിറ്റി സിസ്റ്റം ഹോം ഓട്ടോമേഷൻ കൊണ്ടോട്ടി എന്ന സ്ഥാപനത്തിന്റെയും, ബാഗ് വാങ്ങുന്നതിന് ഗൃഹലക്ഷ്മി, പുൽപ്പള്ളി എന്ന സ്ഥാപനത്തിൻെറയും ടെണ്ടർ സ്വീകരിക്കുകയാണെങ്കിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിക്കുമായിരുന്നില്ല. ടെണ്ടർ അംഗീകരിക്കുകയാണെങ്കിൽ (399x736= 293664/-) 293664/- രൂപയെ ആകുമായിരുന്നുള്ളൂ. എന്നാൽ ഗൃഹലക്ഷമി പുൽപ്പള്ളി എന്ന സ്ഥാപനത്തിന്റെ (420x736 = 309120/-) 309120/-രൂപ ആയിട്ടുണ്ട്. നഷ്ടം 15456/-രൂപ (309120/-293664/=15456/-രൂപ ) കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് ബാഗ് വാങ്ങാത്തതിന് കാരണം ബോദ്ധ്യപ്പെടുത്തേണ്ടതും,പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ അദ്ധ്യയന വർഷ അവസാനത്തിൽ മാത്രമാണ് പദ്ധതി ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ളത്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 06/17-18/13/12 /22018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടേതും നഷ്ടതുക ഉത്തരവാദിയായ ഹെഡ്മാസ്റ്ററിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

## ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1000000 | നെല്ല് കൃഷി കൂലിചെലവ് സബസിഡി(ടി.എസ്.പി) | 695585 | 304416 |
| | | 400000 | പാലിന്സബസിഡി (ജനറൽ) | 400000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1000000 | നെല്ല് കൃഷി കൂലിചെലവ് സബസിഡി(ടി.എസ്.പി) | 695584 | 304415 |
| | | 308000 | പാലിന്സബസിഡി (ജനറൽ) | 266107 | 41893 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കോളനികളിൽ പൈപ്പ് ലൈൻ നീട്ടൽ | ---------------- | 785000 | ------------- | 785000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

--ഇല്ല--

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ് .സി. സ.ഉ.(സാധാ) 586/2016 ത.സ്വ.ഭ.വ. തിയ്യതി 12/2/2016 | 04/DB1/16 LSGD 9/2/16 | 6604768 | 5173923 | 900000 | 1655617 | --- |
| ഇ.എം.എസ് | സ.ഉ.(സാധാ) 531/2010 ത.സ്വ.ഭ.വ. തിയ്യതി 18/02/10 | 2765379 | 5775000 | 5775000 | ---- | ------ |
| ഗ്രാമീണ ഭവനപദ്ധതി | സ.ഉ.(സാധാ)04/ഡി.സി. 1/2010 ത.സ്വ.ഭ.വ. തിയ്യതി 09/02/2016 | 26200000 | 23100000 | | | 23100000 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരമാണ് വായ്പ /വായ്പ തിരിച്ചടവ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2016-17 ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഇ.എം.എസ്. ലോൺ തുക 2,76,23,750/- രൂപയും, 2017-18 – ൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം 27,65,379/- രൂപയുമാണ്. നീക്കിബാക്കിയിലും വ്യത്യാസമുണ്ട്. കെ.യു.ആർ.ഡി.എഫ്.സി. ലോൺ തുകയും 2016-17 വർഷത്തെ ലോൺ തുകയും നീക്കിബാക്കിയും പൊരുത്തപ്പെടുന്നില്ല. പൊരുത്തപ്പെടാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |

| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം |
|---|

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-5 | 2016-17 | 2-5 | തൊഴിൽ നികുതി | നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 179622001/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 140202396 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 23945/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,00,000 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8489/- | ശ്രീ. ഷിനോജ് ടി.വി .അസി.എഞ്ചിനീയർ |
| 3-8 | ------- | 15456/- | ശ്രീ.പി.വി സന്തോഷ് ,ഹെഡ് മാസറ്റർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 2,00,000 | ശ്രീ വിനോയി കൃഷിഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷിനോജ് ടി.വി. അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ തിരുനെല്ലി ഗ്രാമപഞ്ചായത്ത് | തുടിയൻ പറമ്പിൽ ഹൗസ് പയ്യംമ്പള്ളി പിഒ |

| | | |
|---|---|---|
| | | മാനന്തവാടി-670646 |
| ശ്രീ.പി.വി സന്തോഷ് ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ<br>ഗവ.യു.പി സ്കൂൾ ബാവലി | രാഘവ് (ഹൗസ്)<br>എള്ളുമന്ദം പി.ഒ<br>മാനന്തവാടി-670645 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.(ഡ്ബ്ള്യ).പി.5./622(2)/14 18.04.15 |
| 1998-99 | എൽ.എഫ്.(ഡ്ബ്ള്യ)പി5/622(4)/14/18.04.15 |
| 2001-02 | എൽ.എഫ്.(ഡ്ബ്ള്യ)പി 3/184/07 13.6.2005 |
| 2001-02 | എൽ.എഫ്.(ഡ്ബ്ള്യ)പി3/.547/07 05.02.2008 |
| 2002-03 | എൽ.എഫ്.(ഡ്ബ്ള്യ) പി 5./622(7)/14 18.04.15 |
| 2003-04 | എൽ.എഫ്.(ഡ്ബ്ള്യ) പി 5. 622(8)/14 18.04.15 |
| 2005-06 | എൽ.എഫ്.(ഡ്ബ്ള്യ)പി5/622(10)/14 18.04.15 |
| 2006-07 | എൽ.എഫ്.(ഡ്ബ്ള്യ)പി 5 /622(11)/14 18.04.15 |
| 2007-08 | എൽ.എഫ്.(ഡ്ബ്ള്യ)പി 5/ 622(12)/14 18.04.15 |
| 2008-09 | എൽ.എഫ്.(ഡ്ബ്ള്യ)പി 5/ 622(13)/14 18.04.15 |
| 2009-10 | എൽ.എഫ്.(ഡ്ബ്ള്യ)പി 5/ 622(14)/14 18.04.15 |
| 2010-11 | എൽ.എഫ്.(ഡ്ബ്ള്യ)പി 5 /622(15)/14 18.04.15 |
| 2011-12 | എൽ.എഫ്.(ഡ്ബ്ള്യ)പി 5/622(16)/14 18.04.15 |

| | |
|---|---|
| 2012-13 | എൽ.എഫ്.(ഡ്ബ്ള്യ)പി 5/ 713/14 22.12.2014 |
| 2013-14 | കെഎസ്എഡബ്ല്യ.വൈ.ഡി.-പി4/478 /15/10.08.2015 |
| 2014-15 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.-പി4/372/2016 |
| 2015-16 | കെ.എസ്.എ.ഡബ്ള്യ.വൈ.ഡി.പി4/848 /16/05.12.2016 |
| 2016-17 | കെ.എസ്.എ.ഡബ്ള്യ.വൈ.ഡി.പി4/367/17 24.07.2017 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തിരുനെല്ലി

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തി യിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
വയനാട്, കൽപ്പറ്റ.

## അനുബന്ധം - 2

## വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി.)പി4-510/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121

തിയ്യതി : 19/06/2018

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൌണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വെച്ചിട്ടില്ല.
2. ആസ്തി രജിസറ്റർ സൂക്ഷിക്കുന്നില്ല.
3. സ്റ്റോക്കുകളുടെ വർഷാന്ത്യമൂല്യം കണക്കാക്കിയിട്ടില്ല.
4. റിക്കൺസിലേഷൻ - ടി.എസ്.ബി. 06 - സബ്ട്രഷറി മാനന്തവാടി വാർഷിക കണക്കിലെ നീക്കിയിരിപ്പും (12758258/-) ബാങ്ക് സ്റ്റേറ്റ്മെന്റും (15422205/-) പൊരുത്തപ്പെടുന്നില്ല.
5. വസ്തുനികുതിയിൽ വാർഷിക കണക്കും, സഞ്ചയ സ്റ്റോറ്റ് വെയറിൽ നിന്ന് ലഭ്യമായ ഡി.സി.ബി പത്രികയും പൊരുത്തപ്പെടുന്നില്ല.
6. ഡെപ്പോസിറ്റ്, മറ്റ് ഡെപ്പോസിറ്റ് ,വാടക ഡെപ്പോസിറ്റ് എന്നിവ ഡിമാന്റ് രജിസ്റ്ററിലെയും വാർഷിക കണക്കിലെയും കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
7. ലോൺ രജിസറ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
8. വസ്തുനികുതിയിൽ നോൺ റെസിഡൻഷ്യൽ ഹെഡിൽ ഡിമാന്റ്,കളക്ഷൻ, ബാലൻസ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
9. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ആസ്തികൾക്ക് തൻവർഷം ഡിപ്രിസേഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം ,

വയനാട്